പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2212 08.07.2015 - ൽ മറുപടിയ്ക്ക്

**ഡി.എം.ഇ. യുടെ ശിപാർശ മറികടന്ന നിയമനം**

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി : | മറുപടി<br>**ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) ആരോഗ്യവകുപ്പിലെ അസിസ്റ്റന്റ് ഡെന്റൽ സർജൻമാരായ ഡോ. വരുൺ, ഡോ.വിജയാനന്ദ് എന്നിവരെ, ഡി.എം.ഇ. യുടെ ശിപാർശ മറികടന്ന് തിരുവനന്തപുരം ഗവൺമെന്റ് ഡെന്റൽ കോളേജിൽ നിയമിച്ചതിന്റെ കാരണം എന്താണെന്ന വ്യക്തമാക്കുമോ;<br><br>(ബി) ഇത സംബന്ധിച്ചുള്ള മറ്റു വിശദാംശങ്ങൾ ലഭ്യമാക്കുമോ; | **(എ&ബി)** ആരോഗ്യവകുപ്പിലെ അസിസ്റ്റന്റ് സർജനായ ഡോ.എസ്. വരുൺ കുമാറിനെ മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഡയറക്ടറുടെ ശുപാർശയോടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് തിരുവനന്തപുരം ഗവൺമെന്റ് ഡെന്റൽ കോളേജിലെ പ്രോസ്തോഡോണ്ടിക്സ് വിഭാഗത്തിൽ നിയമിച്ചത്. എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം പൂർത്തിയാക്കിയിട്ടുള്ള അംഗപരിമിതർക്ക് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് കോഴിക്കോട് ഡെന്റൽ കോളേജിൽ പ്രോസ്തോഡോണ്ടിക്സ് വിഭാഗത്തിൽ 13.11.2012 മുതൽ 12.11.2013 വരെ ഒരു വർഷ കാലയളവിൽ ജോലി ചെയ്തിരുന്ന ഡോ.കെ.ആർ.വിജയാനന്ദിന് തിരുവനന്തപുരം ഗവൺമെന്റ് ഡെന്റൽ കോളേജിൽ പ്രോസ്തോഡോണ്ടിക്സ് വിഭാഗത്തിൽ നിയമനം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ